# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 722

03/12/2014-ൽ മറുപടിക്ക്

## എബോള രോഗം

ചോദ്യം

ശ്രീ. സി.ദിവാകരൻ

എബോള രോഗം പ്രതിരോധിക്കാൻ കേരളത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

മറുപടി

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

എബോള വൈറസ് രോഗത്തെ സംബന്ധിച്ച് ലോകാരോഗ്യ സംഘടനയുടെയും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റേയും നിർദ്ദേശങ്ങൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ, 11/08/2014-ൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതതല അടിയന്തിര യോഗം ചേരുകയുണ്ടായി. ടി യോഗത്തിൽ എബോളയെ നേരിടാൻ സംസ്ഥാനത്ത് നടപ്പിലാക്കേണ്ട നടപടികളെക്കുറിച്ച് വിശദമായി ചർച്ച ചെയ്യുകയും, ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തു.

- എബോള സംസ്ഥാനത്ത് വരാതിരിക്കുവാൻ വേണ്ടി യാത്രക്കാരുടെ കർശനമായ പരിശോധനകൾ രാജ്യാന്തര വിമാനത്താവളങ്ങളിലും കൂടാതെ തുറമുഖങ്ങളിലും ഉടൻ തന്നെ നടപ്പിലാക്കി. യാത്രക്കാർക്ക് തെർമൽ സ്കാനർ ഉപയോഗിച്ചുള്ള പരിശോധന കർശനമാക്കി.
- ഇതിനുശേഷം പടിഞ്ഞാറൻ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും (ഗിനിയ, ലൈബീരിയ, സിയറ ലിയോൺ. നൈജീരിയ) വരുന്ന യാത്രക്കാരുടെ വിവരങ്ങൾ അതാത് ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് കൈമാറി ഇവരെ 30 ദിവസത്തെ നിരീക്ഷണത്തിന് വിധേയമാക്കുന്നു. ഇവരുടെ ദിവസേനയുള്ള നിരീക്ഷണ റിപ്പോർട്ടുകൾ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും, ക്രോഡീകരിച്ച് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന് അയയ്ക്കുന്നു.
- ഏതെങ്കിലും സംശയാസ്പദമായ രോഗികൾ ഉണ്ടെങ്കിൽ അവരെ

ചികിൽസിക്കാൻ പ്രത്യേക ആശുപത്രികളെ നിയോഗിച്ചു. (ജനറൽ ആശുപത്രി, തിരുവനന്തപുരം, മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം, ജനറൽ ആശുപത്രി, എറണാകുളം, മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം, ജനറൽ ആശുപത്രി, കോഴിക്കോട്, മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്) പ്രസ്തുത ആശുപത്രികളിൽ ഇതിനുള്ള പ്രാരംഭ സൗകര്യങ്ങൾ ഏർപ്പെടുത്തി. എബോള കേസുകൾ കൈകാര്യം ചെയ്യാൻ പ്രത്യേക പരിശീലനം നൽകിയ ആർ.ആർ.റ്റി. (റാപ്പിഡ് റസ്പോൺസ് ടീം) അംഗങ്ങളേയും, കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്ന് പ്രത്യേക പരിശീലനം ലഭിച്ച പത്തംഗ സംഘത്തേയും നിയോഗിച്ചു. എയർപോർട്ടുകൾ കേന്ദ്രീകരിച്ച് പ്രത്യേക ആംബുലൻസുകൾ ഇതിനുവേണ്ടി ക്രമീകരിച്ചു.

- ചികിൽസയ്ക്ക് ആവശ്യമായ പ്രത്യേക വ്യക്തിഗത സംരക്ഷണ സംവിധാനം (പി.പി.ഇ.കിറ്റുകൾ), പി.പി.ഇ ഉപയോഗിക്കാൻ പരിശീലിപ്പിക്കുന്ന വീഡിയോകൾ, രോഗാണുബാധ നിയന്ത്രണ സംവിധാനങ്ങൾ, ആശുപത്രിതല പരിശോധനകൾ , ജില്ലാ മെഡിക്കൽ ആഫീസർ, ഡിസ്ട്രിക്ട് സർവെയ് ലൻസ് എന്നിവർക്കുള്ള പ്രത്യേക പരിശീലനങ്ങളും നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.
- സംസ്ഥാനത്തു നിന്നും രോഗം സംശയിച്ച രണ്ടുപേരുടെ രക്തസാംപിളുകൾ ഡൽഹിയിലെ എൻ.സി.ഡി.സി.-യിൽ (നാഷണൽ സെന്റർ ഫോർ ഡിസീസ് കൺട്രോൾ) അയച്ച് പരിശോധിക്കുകയും ഫലം നെഗറ്റീവ് ആണെന്ന് കണ്ടെത്തുകയും ചെയ്തു.
- കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്നും അയച്ച 495 പി.പി.ഇ കിറ്റുകൾ ആശുപത്രികൾക്ക് വിതരണം ചെയ്തു. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ആശുപത്രികളിൽ മോക്ക് ഡ്രില്ലുകൾ നടത്തി. ഹജ്ജ് തീർത്ഥാടന കാലത്ത് നിരീക്ഷണത്തിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടായിരുന്നു.

- യാത്രക്കാരുടെ സഹായത്തിന് ഹെൽപ്പ് ലൈൻ നമ്പർ, ദിശ 1056/0471-2552056 ഏർപ്പെടുത്തി.
- ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ഈ പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് നടത്തുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**